(ബി) " Gods own Country People's own Tourism" പദ്ധതിയിൽ മറവൻ തുരുത്ത്, ചെമ്പ്, തലയാഴം തുടങ്ങിയ പഞ്ചായത്തുകളെയും വൈക്കം മുനിസിപ്പാലിറ്റിയെയും ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മറവൻതുരുത്ത് പഞ്ചായത്തിൽ ടൂറിസം റിസോഴ്സ് ഡയറക്ടറി പൂർത്തിയാക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. വൈക്കം മുനിസിപ്പാലിറ്റി, ചെമ്പ് പഞ്ചായത്ത് എന്നിവിടങ്ങളിൽ ടൂറിസം റിസോഴ്സ് ഡയറക്ടറി തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലാണ്.

(ഡി) വൈക്കം, മറവൻതുരുത്ത്, ചെമ്പ്, ഉദയനാപുരം, കല്ലറ (എഴുമാന്തുരുത്ത് പ്രദേശം) എന്നീ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ വരുന്ന ടൂറിസം സീസണിൽ ആരംഭിക്കും. വൈക്കം താലൂക്കിലെ വിവിധ പ്രാദേശിക പ്രത്യേകതകളുള്ള ഉത്സവങ്ങളും കലാരൂപങ്ങളും ഉൾപ്പെടുത്തി ഫെസ്റ്റിവൽ കലണ്ടർ ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുകയും അവയെ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് ഉൾപ്പെടെ വിവിധ ടൂർ പാക്കേജുകളുടെ ഭാഗമാക്കി മാറ്റുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

ജലവിമാന സർവ്വീസ് പദ്ധതി

239 (5042) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല വിമാന സർവ്വീസ് പദ്ധതി എന്നു മുതലാണ് പുനരാരംഭിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ജല വിമാന സർവ്വീസ് പദ്ധതിയിൽ പങ്കാളിയാകുന്ന സ്ഥാപനത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെടെ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് മുമ്പ് പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരാണ് പഠനം നടത്തിയത്; പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) പദ്ധതി പ്രഖ്യാപിച്ചശേഷം പ്രതിഷേധവുമായി രംഗത്തുവന്ന പരിസരവാസികൾ, മത്സ്യത്തൊഴിലാളികൾ എന്നിവർ ഉന്നയിച്ച ആശങ്കകൾ പരിഹരിച്ചുവോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 2-6-2013-ന് കൊല്ലം അഷ്ടമുടിയിൽ ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു. എന്നാൽ ചില മത്സ്യത്തൊഴിലാളി സംഘടനകൾ ഉയർത്തിയ എതിർപ്പിനെത്തുടർന്ന് സർവ്വീസുകൾ നിർത്തിവയ്ക്കുകയാണുണ്ടായത്. മത്സ്യബന്ധന മേഖലയിലെ തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, സീ പ്ലെയിൻ പദ്ധതി ഉൾനാടൻ മത്സ്യബന്ധന രംഗത്ത് ഏതെങ്കിലും വിധത്തിലുള്ള ആഘാതം സൃഷ്ടിക്കുമോ എന്നത് സംബന്ധിച്ച് പഠനം നടത്തുവാനും അങ്ങനെയെങ്കിൽ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സർക്കാർ ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതിയുടെ അന്തിമറിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായായിരിക്കും ജലവിമാന സർവ്വീസ് ആരംഭിക്കുന്നത്. 26-6-2015-ലെ G.O. (Ms) No. 188/2015/TSM നമ്പറായ പുതിയ ഉത്തരവ് പ്രകാരം ഓപ്പറേറ്റർമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി നേരത്തെ പ്രഖ്യാപിച്ചിരുന്ന ഏർളി ബേഡ് ഇൻസെന്റീവുകൾക്ക് പുറമെ മറ്റ് ചില ആനുകൂല്യങ്ങൾകൂടി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണതോതിലുള്ള ജലവിമാന സർവ്വീസ് ഉടനെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) കേന്ദ്ര സർക്കാർ സ്ഥാപനമായി പവൻ ഹാൻസ് ഹെലികോപ്ടേഴ്സിന്റെ പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്കായുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുക മാത്രമാണ് സർക്കാരിന്റെ ചുമതല. ഇതിന്റെ ഭാഗമായി ഫ്ലോട്ടിംഗ് ജെട്ടികൾ, പ്രത്യേകം സജ്ജമാക്കിയിട്ടുള്ള ഹൗസ്ബോട്ടിൽ ഒരുക്കിയിട്ടുള്ള സുരക്ഷാ പരിശോധനാ ക്രമീകരണങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ മുതലായവയാണ് ആവശ്യമായ പ്രധാന അടിസ്ഥാന സൗകര്യങ്ങൾ. ആദ്യഘട്ടത്തിൽ മുൻഗണനാ പ്രദേശങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള കൊല്ലം - അഷ്ടമുടി, ആലപ്പുഴ - പുന്നമട എന്നീ ജലാശയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ജലവിമാന പദ്ധതിയുടെ പ്രവർത്തനങ്ങൾ " ഓപ്പൺ സ്കൈ" നയത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നടത്തുകയെന്ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം " നോൺ ഷെഡ്യൂൾഡ് ഓപ്പറേറ്റേഴ്സ് പെർമിറ്റ് (NSOP)" ഉൾപ്പെടെയുള്ള ആവശ്യമായ പെർമിറ്റുകളുള്ള ജലവിമാനങ്ങൾക്ക് ഇത്തരം സർവ്വീസ് നടത്താവുന്നതാണ്. ഇതിനുള്ള അനുമതി സംബന്ധിച്ച കാര്യങ്ങൾ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ

(DGCA)-ന്റെ അധികാരപരിധിയിൽ വരുന്നതാണ്. ഇതിന് വിധേയമായി ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള ഏജൻസികൾ പവൻ ഹാൻസ് ഹെലികോപ്ടേഴ്സ് ലിമിറ്റഡ്, വിങ്സ് ഏവിയേഷൻ പ്രൈവറ്റ് ലിമിറ്റഡ്, പിനക്കിൾ എയർ പ്രൈവറ്റ് ലിമിറ്റഡ്, ഭാരത് ഏവിയേഷൻ പ്രൈവറ്റ് ലിമിറ്റഡ്, മാരിടൈം എനർജി ഹെലി എയർ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവയാണ്.

(സി&ഡി) ജലവിമാന പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ഉൾനാടൻ മത്സ്യബന്ധന മേഖലയിലുള്ള വിവിധ സംഘടനകൾ ഉയർത്തിയ ആശങ്കകൾ കണക്കിലെടുത്ത് സർക്കാർ തലത്തിൽ അംഗീകൃത മത്സ്യത്തൊഴിലാളി സംഘടന കളുമായി വിവിധ ഘട്ടങ്ങളിൽ യോഗങ്ങൾ സംഘടിപ്പിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്തിട്ടുണ്ട്. ഇവയുടെ അടിസ്ഥാനത്തിൽ, സീ പ്ലെയിൻ പദ്ധതി ഉൾനാടൻ മത്സ്യബന്ധന രംഗത്ത് എന്തെങ്കിലും വിധത്തിലുള്ള ആഘാതം സൃഷ്ടിക്കുമോ എന്നത് സംബന്ധിച്ച് പഠനം നടത്തുവാനും. അങ്ങനെയെങ്കിൽ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സർക്കാർ ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയുണ്ടായി. ഈ സമിതിയുടെ നേതൃത്വത്തിൽ വിശദമായ പഠനം നടത്തുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ ചുവടെ ചേർക്കുന്നു :

1. പദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത് പ്രകാരം സീപ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുന്നത് ഉൾനാടൻ ജലപ്പരപ്പുകളിലെ ജൈവ വ്യവസ്ഥയെയും മത്സ്യബന്ധനത്തെയും ഒരു തരത്തിലും ബാധിക്കാത്തതിനാൽ സീപ്ലെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.

2. ഇപ്പോൾ ഉയർന്നിട്ടുള്ള എതിർപ്പ് യഥാർത്ഥത്തിൽ സീ പ്ലെയിൻ പദ്ധതിയോട് അല്ലെന്നും വിവിധ തരത്തിലുള്ള മലിനീകരണം, ജലപ്പരപ്പുകളുടെ ശോഷണം മുതലായ കാരണങ്ങളാൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സൂക്ഷ്മമായ അന്തരീക്ഷ വ്യതിയാനങ്ങളും മത്സ്യസമ്പത്തിലുണ്ടാകുന്ന കുറവും തന്മൂലം മത്സ്യ തൊഴിലാളികളുടെ ജീവിതമാർഗ്ഗത്തെയും ജോലിസ്ഥിരതയെയും ബാധിക്കുന്നതും കാരണമാണെന്ന് സമിതി വിലയിരുത്തി.

3. കേരളത്തിന്റെ ഉൾനാടൻ ജലാശയങ്ങളിൽ മലിനീകരണം തടയുന്നതിനുള്ള ശക്തമായ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

4. ആലപ്പുഴയിൽ വേമ്പനാട്ട് കായലിൽ നിന്നും മിക്കവാറും വേറിട്ടനിൽക്കുന്നതും പ്രധാന മത്സ്യബന്ധന മേഖലയിലല്ലാത്തതും ആലപ്പുഴ കൈനകരിക്ക് സമീപം സ്ഥിതിചെയ്യുന്നതുമായ വട്ടക്കായൽ പ്രദേശം സീപ്ലെയിൻ വാട്ടർ ഡ്രോം സ്ഥാപിക്കുന്നതിന് കൂടുതൽ അനുയോജ്യമായിരിക്കുമെന്ന് സമിതി കണ്ടെത്തി. അതിനാൽ ആലപ്പുഴയിലെ പുന്നമടയിൽ സ്ഥാപിച്ചിട്ടുള്ള സീപ്ലെയിൻ അടിസ്ഥാന സൗകര്യങ്ങൾ വട്ടക്കായൽ പ്രദേശത്തേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ കമ്മിറ്റി ശിപാർശ ചെയ്തു.

5. ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ജീവിത മാർഗ്ഗങ്ങൾ വിപുലീകരിക്കുന്നതിനായി ശാസ്ത്രീയമാർഗ്ഗങ്ങളിലൂടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ, കേജ് ഫാമിംഗ് പോലുള്ള പദ്ധതികൾ മുതലായവ തൊഴിലാളികളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ സമിതി ശിപാർശ ചെയ്തു.

6. ഇതിനായി കരിമീൻ, കാളാഞ്ചി, ചെമ്പല്ലി മുതലായ മത്സ്യ ഇനങ്ങളെ ഉപയോഗിച്ചുകൊണ്ടും പ്രദേശത്തെ ഉൾനാടൻ മത്സ്യത്തൊഴിലാളികളെ ഭാഗഭാക്കാക്കിക്കൊണ്ടും ഓപ്പൺ വാട്ടർ കേജ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുവാൻ സമിതി ശിപാർശ ചെയ്തു. അതോടൊപ്പം മത്സ്യവിത്ത്, തീറ്റ എന്നിവയുടെ ഉത്പാദനം, മൂല്യവർദ്ധിത മത്സ്യഉല്പന്നങ്ങളുടെ വിപണനം മുതലായവയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുവാൻ വേണ്ട വിവിധ പദ്ധതികൾ സമിതി ശിപാർശ ചെയ്തു.

7. വേമ്പനാട്, അഷ്ടമുടി പ്രദേശങ്ങളിൽ കാണപ്പെട്ടുവരുന്ന നിയമവിരുദ്ധവും അശാസ്ത്രീയവുമായ മത്സ്യബന്ധന രീതികൾ തടയുന്നതിനും നിർത്തലാക്കുന്നതിനുമുള്ള നടപടികൾ ഫിഷറീസ് വകുപ്പ് സ്വീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമെ ജലവിമാന സർവ്വീസുകൾ ആരംഭിക്കുകയുള്ളൂ.

കേരള വേസ്റ്റ് ഫ്രീ ഡെസ്റ്റിനേഷൻ സ്കീം

240 (5043) ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly